"ഭരണഭാഷ മാതൃഭാഷ"

സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്, എസ്റ്റേറ്റ് വിഭാഗം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്, എം.ജി.റോഡ്, പുത്തൻചന്ത, തിരുവനന്തപുരം-695001

ഫോൺ: 0471-2337790 ഇമെയിൽ: tdbestate@gmail.com വെബ്സൈറ്റ്: www.travancoredevaswomboard.org

*Auction No.06/EED/SA/2023*

## ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള തൃക്കാരിയൂർ ഗ്രൂപ്പിലെ രാമമംഗലം സബ്ഗ്രൂപ്പിൽപ്പെട്ട നെട്ടൂർകോട്ടുകാവ് ദേവസ്വത്തിലെ തേജസ്വിനി ആഡിറ്റോറിയം, 12/05/2023 ലെ ആർ.ഒ.സി.6817/08/എം ബോർഡ് ഉത്തരവ് പ്രകാരം, ക്ഷേത്രാചാരങ്ങൾക്കും മറ്റ് ക്ഷേത്രചടങ്ങുകൾക്കും തടസ്സം വരാത്തരീതിയിൽ സസ്യാഹാരം മാത്രമേ പാകം ചെയ്ത് വിതരണം ചെയ്യുവാൻ പാടുള്ളുവെന്നും, ക്ഷേത്രത്തിലെ ഉത്സവം, മറ്റ് ആട്ടവിശേഷ ചടങ്ങുകൾ, പ്രതിഷ്ഠാചടങ്ങുകൾ എന്നിവ നടക്കുന്ന ദിവസങ്ങൾ ഒഴികെ, രണ്ട് വർഷത്തേക്ക് 22,40,000/- + ജി.എസ്.റ്റി എന്ന അടിസ്ഥാനനിരക്കിൽ, ആഡിറ്റോറിയത്തിന്റെ നിലവിലുള്ള അവസ്ഥയിൽ മെയിന്റെനൻസ് ആവശ്യമെങ്കിൽ ആയത് നടത്തി വിവിധ ടാക്സുകൾ, വൈദ്യുത ചാർജ്ജ്, വെള്ളക്കരം, ജനറേറ്റർ, ക്ലീനിംഗ് എന്നീ ചെലവുകൾ ലേലം ഏറ്റെടുക്കുന്ന വ്യക്തി സ്വയം വഹിക്കണമെന്ന വ്യവസ്ഥയിൽ, **30-05-2023 പകൽ 11.30 മണിയ്ക്ക്** ടി ദേവസ്വത്തിൽ വച്ച് എസ്റ്റേറ്റ് ഡിവിഷൻ മുഖാന്തിരം പരസ്യമായി ലേലം നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 10,000/-രൂപ നിരതദ്രവ്യം ഹാജരാക്കേണ്ടതും ടി തുകയ്ക്കുള്ള നിരതദ്രവ്യത്തോടുകൂടിയ മത്സരസ്വഭാവമുള്ള ക്വട്ടേഷനുകളും ലേലസമയത്തിന് മുമ്പാകെ ഹാജരാക്കാവുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന/ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലനടപടികൾ അവസാനിപ്പിക്കുന്നതാണ്. ലേലം കൊള്ളുന്ന വ്യക്തി സെക്യൂരിറ്റി തുകയായി 5,00,000/- രൂപ ഉടനടി കെട്ടിവയ്ക്കേണ്ടതാണ്. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, നിരാകരിക്കുന്നതിനുമുള്ള പരമാധികാരം ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും. ലേല തീയതി, സമയം, ലേല വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഈ ആഫീസിൽ നിന്നോ (ഫോൺനമ്പർ.0471-2337790) മൂവാറ്റുപുഴ അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസ്, നെട്ടൂർകോട്ടുകാവ് ദേവസ്വം എന്നിവിടങ്ങളിൽ നിന്നും അറിയാവുന്നതാണ്.

Sd/-

**എക്സിക്യൂട്ടീവ് എഞ്ചിനീയർ**

തിരുവനന്തപുരം
18/05/2023